**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3446 — 12/05/2017-ലെ മറുപടിയ്ക്ക്

**പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള സൗജന്യ ചികിത്സ പട്ടികജാതിക്ക് ലഭ്യമാക്കുന്നതിന് പദ്ധതി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. എം.മുകേഷ് | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| ക്യാൻസർ, വൃക്കരോഗം, ഹൃദയസംബന്ധമായ രോഗങ്ങൾ, അപകടങ്ങൾ എന്നീ സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് നൽകിവരുന്ന സൗജന്യ ചികിത്സ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്കും ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | പട്ടികജാതിക്കാർക്ക് ക്യാൻസർ, വൃക്കരോഗം, ഹൃദയ സംബന്ധമായ രോഗങ്ങൾ, ഹീമോഫീലിയ, അപകടങ്ങൾ എന്നിവ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ 1 ലക്ഷം രൂപവരെയും അതിൽ കൂടുതൽ തുക ആവശ്യമുള്ള സന്ദർഭങ്ങളിൽ ആയതനുസരിച്ചുള്ള തുകയും ആശുപത്രി മുഖേന അനുവദിച്ച് നൽകുന്നുണ്ട്. ചികിത്സയ്ക്ക് 50,000/-രൂപ വരെയാണ് ചെലവ് വേണ്ടിവരുന്നതെങ്കിൽ ആയത് രോഗിക്ക് നേരിട്ടനുവദിക്കുന്നുമുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 50,000/-രൂപ വരെയുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതാണ്. ടി വരുമാന പരിധി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**